WEDNESDAY 08/04/2026 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/04/2026

1. കേരളത്തിൽ വാഴ കൃഷിക്ക് വലിയ പിന്തുണ നൽകുന്ന പ്രധാന സ്ഥാപനമാണ് Indian Institute of Horticultural Research ന്റെ കീഴിൽ പ്രവർത്തിക്കുന്ന National Research Centre for Banana (NRCB). കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് നിരവധി പദ്ധതികൾ കർഷകർക്ക് ലഭ്യമാണ്. **വാഴ ഗവേഷണ കേന്ദ്രം (Banana Research Centre) പദ്ധതികൾ:-** ഉയർന്ന ഗുണമേന്മയുള്ളതും, രോഗരഹിതവും കൂടുതൽ ഉൽപാദന ശേഷിയുള്ള വാഴ തൈകൾ (Tissue Culture Plants), ഗ്രാൻഡ് നെയിൻ (G9), പൂവൻ തുടങ്ങിയ ഹൈബ്രിഡുകൾ സബ്സിഡി വഴി കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. വാഴ കൃഷി വികസന സബ്സിഡി പദ്ധതികൾ പുതിയ വാഴ തോട്ടങ്ങൾ ആരംഭിക്കുന്നതിനും, ഡ്രിപ്പ് ഇറിഗേഷൻ (PMKSY വഴി), വളപ്രയോഗം, സംരക്ഷണം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നു. സൗജന്യ കർഷക പരിശീലനവും സാങ്കേതിക സഹായവും, രോഗനിയന്ത്രണം (Panama വാട്ടം , Sigatoka), ഉൽപാദന വർദ്ധന മാർഗങ്ങൾ എന്നിവയ്ക്ക് പരിശീലന ക്ലാസുകൾ നൽകുന്നു .വാഴ പ്രോസസ്സിംഗ് & മൂല്യവർദ്ധിത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൽപ്പന്നങ്ങൾ , വാഴചിപ്പ്സ്, വാഴപ്പൊടി, ഫൈബർ ഉൽപ്പന്നങ്ങൾ PMFME സ്കീമുമായി ബന്ധപ്പെടുത്തി സബ്സിഡിയോടുകൂടി ചെറുകിട യൂണിറ്റ്കൾ തുടങ്ങാൻ സഹായം ലഭ്യമാക്കുന്നു. Aadhaar, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖകൾ സഹിതം അടുത്തുള്ള കൃഷിഭവനിൽ ആവശ്യമായ പദ്ധതികൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ് . ഫീൽഡ് പരിശോധനയ്ക്ക് ശേഷം സബ്സിഡി അനുവദിക്കും.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2026-മുതൽ 31/03/2027 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കാൻ താൽപര്യമുള്ളവർ 16/04/2026-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി നടത്തുന്ന ലേലത്തിൽ 1000/-രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി 0471-2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിൻ (SMAM) കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

4. റബ്ബർപാലിൽ നിന്നുള്ള ഉത്പന്ന നിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും; റബ്ബർപാൽ സംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം 2026 ഏപ്രിൽ 20 മുതൽ 24 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ-മെയിൽ: training@rubberboard.org.in.

5. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

## കാർഷിക നിർദേശം

6. വാഴയിൽ ഇലപ്പുള്ളിരോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഓണവാഴക്ക് നന തുടരണം. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വേപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക. വാഴയിൽ നിന്ന് ഒടിഞ്ഞു തൂങ്ങുന്ന ഇലകൾ കൃത്യമായി ഇടവേളകളിൽ നീക്കം ചെയ്യണം. 50 ഗ്രാം വേപ്പിൻ പിണ്ണാക്ക് നന്നായി പൊടിച്ച് ഇലകവിളുകളിൽ 5 ആം മാസത്തിലും, 7ആം മാസത്തിലും ഇട്ടുകൊടുക്കണം. വാഴയുടെ കടചീയൽ ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിലൂടെ പകരുന്നതിനാൽ ബ്ലീച്ചിങ്ങ് പൗഡർ വലിയ കിഴികളാക്കി വെള്ളം തോട്ടത്തിലേക്ക് കടക്കുന്ന ഭാഗത്ത് വയ്ക്കുക. ഇത് വെള്ളത്തിലുള്ള ബാക്ടീരിയയെ നശിപ്പിക്കും. കൂടാതെ കോപ്പർ ഓക്സിക്ലോറൈഡ് പൊടി 1 ലിറ്റർ

വെള്ളത്തിൽ 4 ഗ്രാം എന്ന കണക്കിൽ ലയിപ്പിച്ച ലായനി വാഴയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നതും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം